**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- പട്ടാമ്പി നഗരസഭയിലെ സാനിറ്ററി ഇൻസ്പെക്ടർ ശ്രീ. ബിജോയ് ചന്ദ്രൻ- മുനിസിപ്പൽ കോമൺ സർവ്വീസിലെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് ഓപ്ഷന് വിധേയമായി അ ബ്സോർബ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1232/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 17.06.2019

---

പരാമർശം : 1. 24.05.2015 തീയതിയിലെ സ.ഉ(സാധാ)നം.1240/2015/തസ്വഭവ

2. പട്ടാമ്പി നഗരസഭയിലെ സാനിറ്ററി ഇൻസ്പെക്ടർ ശ്രീ. ബിജോയ് ചന്ദ്രൻ സമർപ്പിച്ച അപേക്ഷ.

3. നഗരകാര്യ ഡയറക്ടറുടെ 01.02.2018 തിയതിയിലെ ഇ 5-38069/2017 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പഞ്ചായത്ത് വകുപ്പിലെ സമാനതസ്തികയായ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് അ ബ്സോർബ് ചെയ്യുന്നതിലേയ്ക്ക് പട്ടാമ്പി നഗരസഭയിലെ സാനിറ്ററി ഇൻസ്പെക്ടർ ശ്രീ.ബിജോയ് ചന്ദ്രൻ പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. നഗരകാര്യഡയറക്ടർ സമർപ്പിച്ച പരാമർശം 3 റിപ്പോർട്ട് പ്രകാരം, പഞ്ചായത്തുകൾ നഗരസഭകളായി പരിവർത്തനപ്പെടുത്തിയതിന്റേയും നഗരസഭയുമായി കൂട്ടിച്ചേർത്തതിന്റേയും അടിസ്ഥാനത്തിൽ നഗരസഭകളിൽ സേവനത്തിൽ തുടർന്ന് വരുന്ന സാനിറ്ററി ഇൻസ്പെക്ടർമാരെ അവരുടെ ഓപ്ഷന് വിധേയമായി മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് സ്വീകരിക്കുവാൻ പരാമർശം 1 ഉത്തരവ് പ്രകാരം വ്യവസ്ഥയുണ്ടെന്നും, പട്ടാമ്പി പഞ്ചായത്ത് നഗരസഭയായി പരിവർത്തനപ്പെടുത്തിയപ്പോൾ ടി പഞ്ചായത്തിൽ സാനിറ്ററി ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ബിജോയ് ചന്ദ്രൻ ഉപാധികളോടെ മുനിസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് മാറ്റം നൽകുന്നതിന് ഓപ്ഷൻ നൽകിയതായും, ടിയാൻ 09.07.2015 മുതൽ പട്ടാമ്പി നഗരസഭയിൽ തുടരുന്നതായും അറിയിച്ചിരിയ്ക്കുന്നു. പഞ്ചായത്ത് വകുപ്പിലെ സമാനതസ്തികയായ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയും മുനിസിപ്പൽ കോമൺ സർവ്വീസിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും സമാനതസ്തികകളാണെന്നതിനാൽ (ശമ്പളസ്കെയിൽ-22200-48000) ശ്രീ.ബിജോയ് ചന്ദ്രനെ പഞ്ചായത്ത് സർവ്വീസ് നിലനിർത്തി മുനിസിപ്പൽ കോമൺ സർവ്വീസിലെ സമാനതസ്തികയായ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ

തസ്തികയിലേക്ക് അ ബ്സോർബ് ചെയ്യാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരകാര്യ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പട്ടാമ്പി നഗരസഭയിലെ സാനിറ്ററി ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ബിജോയ് ചന്ദ്രനെ പഞ്ചായത്ത് വകുപ്പിലെ ടിയാന്റെ സമാനതസ്തികയായ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലെ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് പരാമർശം 1 ഉത്തരവ് പ്രകാരം, ടിയാൻ സമർപ്പിച്ച ഓപ്ഷന് വിധേയമായും, അ ബ്സോർപ്ഷന് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതല്ലായെന്ന വ്യവസ്ഥയിലും, അ ബ്സോർബ് ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,)

**രമണി മാത്യു**
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ.ബിജോയ് ചന്ദ്രൻ,സാനിറ്ററി ഇൻസ്പെക്ടർ, പട്ടാമ്പി നഗരസഭ
( നഗരകാര്യ ഡയറക്ടർ മുഖേന)

സെക്രട്ടറി, പട്ടാമ്പി നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ